ഭൂനികുതി കുടിശ്ശിക

234 [536] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോൾ ഭൂനികുതി കുടിശ്ശിക എത്രയാണ്;

(ബി) 15–8–1985–ൽ കുടിശ്ശിക എത്രയാണ്;

(സി) ഈ കുടിശ്ശിക പിരിച്ചെടുക്കാൻ മാത്രം ഈ ഗവൺമെൻറ് ചെലവഴിച്ച തുക എത്രയാണ്;

(ഡി) 4½ കോടി രൂപ പിരിച്ചെടുക്കാൻ ഗവൺമെൻറ് 16 കോടി രൂപ ചെലവഴിച്ചു എന്നറിയുന്നത് ശരിയാണോ?

ഉത്തരം

(എ) 71.84 ലക്ഷം രൂപ.

(ബി) 70.77 ലക്ഷം രൂപ

(സി) ഭൂനികുതി കുടിശ്ശിക പിരിച്ചെടുക്കുന്ന ജോലി വില്ലേജ് ഓഫീസുകൾ മുഖേനയാണ് നിർവ്വഹിച്ചു വരുന്നത്. ഭൂനികുതി പിരിച്ചെടുക്കുന്നതിനുവേണ്ടി വില്ലേജ് ആഫീസുകളിൽ പ്രത്യേകം ജീവനക്കാരെ നിയമിച്ചിട്ടില്ല. അതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിനു മാത്രം ഗവൺമെൻറിന് പ്രത്യേകം ചെലവ് വന്നിട്ടില്ല.

(ഡി) ഉത്തരം (സി) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളിലെ ലാഭം

235 [540] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ എത്രയെണ്ണം ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്;

(ബി) ലാഭകരമല്ലാത്ത വ്യവസായസ്ഥാപനങ്ങൾ എത്ര; ഏതൊക്കെ?

ഉത്തരം

(എ) ഏറ്റവും ഒടുവിൽ ലഭിച്ച കണക്കുകളനുസരിച്ച് 25 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്.

(ബി) 54. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ആലപ്പുഴ ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്

236 [543] ശ്രീ. വി. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസിൻെറ കീഴിൽ പ്രവർത്തിക്കുന്ന ആലപ്പുഴയിലെ ഡ്രഗ് സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് നഷ്ടത്തിലാണോ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്;

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) നഷ്ടത്തിലാണെങ്കിൽ 1982–83 മുതൽ 1984–85 വരെ ഓരോ വർഷവുമുണ്ടായ നഷ്ടമെത്ര?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് 1982–83 മുതൽ നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി)

1982–83	രൂപ	41.67 ലക്ഷം
1983–84	രൂപ	83.05 ,,
1984–85	രൂപ	249.17 ,,

(ആഡിറ്റ് ചെയ്തിട്ടില്ലാത്ത കണക്ക് പ്രകാരം)

പൊതുമേഖലാ സ്ഥാപനങ്ങളിലെ അനൗദ്യോഗിക ചെയർമാൻമാർ

237 [544] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വ്യവസായവകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇപ്പോഴും അനൗദ്യോഗികാംഗങ്ങളും ചെയർമാൻമാരായി പ്രവർത്തിച്ചുവരുന്നുണ്ട്;

(ബി) സ്ഥാപനങ്ങളുടെയും ചെയർമാൻമാരുടെയും പേരു വിവരം വെളിപ്പെടുത്തുന്ന ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ?

ഉത്തരം

(എ, ബി) സ്ഥാപനങ്ങളുടെയും അനൗദ്യോഗിക ചെയർമാൻമാരുടെയും വിവരങ്ങൾ കാണിക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

ചാലക്കുടി റിഫ്രാക്റ്ററീസ്

238 [546] ശ്രീ. കെ.ജെ. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി റിഫ്രാക്റ്ററീസിന്റെ വികസന പ്രവർത്തനം നടത്താത്തത് എന്തുകൊണ്ടാണ്;

(ബി) ഈ വികസന പ്രവർത്തനത്തിന് എത്ര ലക്ഷം രൂപയുടെ മെഷിനറികൾ ഇതിനകം വാങ്ങിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ;

(സി) ഇവ വാങ്ങിയിട്ട് എത്ര വർഷമായി;

(ഡി) ഈ മെഷിനറി വാങ്ങിയതിന് മുടക്കിയ പണത്തിന് എത്ര പലിശ ഇതിനകം കൊടുത്തു;

(ഇ) ഈ വികസന പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly